കയർ തൊഴിലാളികളുടെ ജീവിത നിലവാരം ഉയർത്തുന്നതിന് പദ്ധതി

166 (5251) ശ്രീ. വർക്കല കഹാർ :

ശ്രീ. കെ. ശിവദാസൻ നായർ :

ശ്രീ. സണ്ണി ജോസഫ് :

ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയർ മേഖലയിലെ തൊഴിലും വരുമാനവും വർദ്ധിപ്പിച്ച് ജീവിതനിലവാരം ഉയർത്തുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത് ;

(ബി) ആരുടെയെല്ലാം സഹകരണത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത് ;

(സി) ഇത് നടപ്പിൽ വരുന്നതിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

ഉത്തരം

(എ) കയർമേഖലയുടെ സമഗ്ര വികസനത്തിനും കയർ വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിനുമായി നിലവിലുള്ള താഴെപ്പറയുന്ന പദ്ധതികളെല്ലാം കാര്യക്ഷമമായി നടപ്പിലാക്കിവരുന്നു:

1. കയർ സഹകരണ സംഘങ്ങൾക്ക് പുനരുദ്ധാരണ പദ്ധതി പ്രകാരം സ്ഥിര/പ്രവർത്തനമൂലധനം നൽകുന്നു.
2. കയർ സഹകരണ സംഘങ്ങൾക്ക് അടിസ്ഥാന സൗകര്യ വികസനം ഉൾപ്പെടെയുള്ള ധനസഹായം നൽകിവരുന്നു.
3. കയറും കയറുൽപ്പന്നങ്ങളുടെയും വിൽപ്പനയ്ക്കുള്ള വിപണി വികസന സഹായം (50% സംസ്ഥാന വിഹിതം) (MDA) നൽകിവരുന്നു.
4. കയർ മേഖലയിലെ സംരംഭകർക്ക് മാർജിൻ മണി വായ്പ നൽകുന്നു.
5. കയർ വ്യവസായത്തിൽ നിയന്ത്രിത യന്ത്രവൽക്കരണം നടപ്പിലാക്കുന്നു.
6. ഉൽപ്പാദനവും വിപണനപ്രചോദനവും (PMI) പദ്ധതിയിലൂടെ ആനുകൂല്യം നൽകിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

7. വില വ്യതിയാനം പരിഹരിക്കുന്നതിനുള്ള ഫണ്ട് നൽകിവരുന്നു.

8. കയർ മേഖലയിൽ ക്ലസ്റ്റർ വികസന പരിപാടി നടപ്പിലാക്കി വരുന്നു.

9. കയർ സഹകരണ സംഘങ്ങളിൽ സർക്കാരിന്റെ ഓഹരി പങ്കാളിത്തം നൽകുന്നു.

മേൽപ്പറഞ്ഞ പദ്ധതികൾക്കുപുറമെ സംസ്ഥാനത്തെ കയർ മേഖല പുനരുജ്ജീവിപ്പിക്കുന്നതിന്റെ ഭാഗമായി കയർ മേഖലയ്ക്കാവശ്യമായ ചകിരിയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി തൊണ്ട് സംഭരിച്ച് ചകിരിയാക്കുന്നതിന് നിലവിലുണ്ടായിരുന്ന പദ്ധതിയിൽ സമഗ്രമായ മാറ്റങ്ങൾ വരുത്തിക്കൊണ്ട് 'തൊണ്ട് സംഭരണവും ചകിരി ഉൽപ്പാദനവും' എന്ന ഒരു പുതിയ പദ്ധതി നടപ്പിലാക്കുന്നതിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്.

കേരളത്തിൽ ലഭ്യമാകുന്ന തൊണ്ട് മുഴുവനും സംഭരിച്ച്, ചകിരി ഉൽപ്പാദിപ്പിച്ച് കയർ മേഖലയ്ക്കാവശ്യമായ ചകിരിയുടെ ലഭ്യത ഉറപ്പാക്കി കയർ മേഖലയിലെ ചകിരി ക്ഷാമത്തിന് ശാശ്വതമായ പരിഹാരം കാണുന്നതിനും അതുവഴി കയർ മേഖലയിലെ തൊഴിലും വരുമാനവും വർദ്ധിപ്പിച്ച് തൊഴിലാളികളുടെ ജീവിതനിലവാരം ഉയർത്തുക എന്നതുമാണ് പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്.

(ബി) 'തൊണ്ട് സംഭരണവും ചകിരി ഉൽപ്പാദനവും' പദ്ധതി നടപ്പാക്കുന്നത് കയർ വികസന വകുപ്പിനുപുറമെ സഹകരണ-സ്വകാര്യ ഡീഫൈബറിംഗ് മില്ലുകൾ, കയർപിരി മേഖലയിലെ സഹകരണ സംഘങ്ങൾ, കയർഫെഡ്, കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ, ഫോംമാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ്, സ്വകാര്യ മേഖലയിലെ കയർപിരി, കയർ ഉൽപ്പന്ന നിർമ്മാണ സ്ഥാപനങ്ങൾ, കയറ്റുമതിക്കാർ എന്നിവരുടെയെല്ലാം സഹകരണത്തോടെയാണ്.

(സി) 5-2-2015-ലാണ് പുതിയ തൊണ്ടുസംഭരണ പദ്ധതി നടപ്പാക്കുന്നതിന് സർക്കാർ അനുമതി നൽകിയത്. കയർ വകുപ്പിലെ ഉദ്യോഗസ്ഥരെ പങ്കെടുപ്പിച്ചു കൊണ്ടും സംസ്ഥാനത്തെ കയർ മേഖലയിലെ സഹകരണ സംഘങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് പ്രോജക്ട് തിരിച്ചും സെമിനാറുകൾ നടത്തി പ്രസ്തുത പദ്ധതിയെക്കുറിച്ച് വിശദീകരിച്ചിരുന്നു. കയർ വികസന ഡയറക്ടറുടെ നിയന്ത്രണത്തിൽ കയർ വികസന ഡയറക്ടറേറ്റിൽ രൂപീകരിക്കപ്പെട്ടുന്ന സെൽ ആണ് പദ്ധതിയുടെ പ്രവർത്തനം സംസ്ഥാന തലത്തിൽ ഏകോപിപ്പിക്കുന്നത്. പദ്ധതി നടപ്പാക്കുന്നതിന് തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly